₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L L I F E V O I C E

Monthly

Volume 13
Issue 5

**November 2024**

pages 24

"നീ ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെ ഉണ്ട്; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലംകൈകൊണ്ട് ഞാൻ നിന്നെ താങ്ങും"

(യെശയ്യാവ് 41:10)

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

Volume 13    Issue 5    November 2024    pages 24    Rs.5/

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 155**

## ഉള്ളടക്കം

പേജ്


- **തിരുവോണനാളിലെ സഭായോഗം** 3
- **പ്രതികരണങ്ങൾ** 6
- **ആസ്യയിലെ ഏഴ് സഭകൾ** (9) 8
- **കെ. വി. ഐസക്ക്** (അഭിമുഖം)(8) 11
- **യോനാ** (പുസ്തകപഠനം) (6) 15
- **ചോദ്യവും ഉത്തരവും** (39) 18
- **കൊച്ചുണ്ണിയുടെ ...വായന** (27) 21
- **ഹെന്റെ ആധാറേ!** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# തിരുവോണനാളിലെ സഭായോഗം!

2024 ലെ തിരുവോണം സെപ്റ്റംബർ 15 ന് ആയിരുന്നുവല്ലോ. *ഓണം കേരൾ കാ ദേശീയ് ത്യോഹാർ ഹൈ* എന്നാണ്. (ഓണം കേരളീയരുടെ ദേശീയ ഉത്സവമാണ്). നല്ലവനായ മാവേലിയെ വാമനൻ ക്വട്ടേഷൻ എടുത്ത് ചതിച്ച് ചവുട്ടിത്താഴ്ത്തിയതിൽ പ്രതിഷേധിക്കുന്ന ചില മൂരാച്ചികൾ ഉണ്ട്. ഞാൻ ആ ഗണത്തിൽ പെടുന്നയാളാണ്. വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ കാണാൻ മാവേലിയെ അനുവദിച്ച ആ ഔദാര്യം മാവേലിക്ക് ഇഷ്ടമായെങ്കിലും എന്നെപ്പോലുള്ള പിന്തിരിപ്പൻമാർക്ക് ഇഷ്ടപ്പെട്ടിട്ടില്ല. അതുകൊണ്ട് തിരുവോണനാളിൽ എന്റെ വീട്ടിലെ ഉച്ചയൂണിന് ഞാൻ മീൻകറിയോ ഇറച്ചിയോ നിർബന്ധമാക്കാറുണ്ട്.

തിരുവോണനാളിൽ പച്ചക്കറിസദ്യയും പായസവും പപ്പടവുമൊക്കെയായി ആഘോഷിക്കുന്ന ധാരാളം വിശ്വാസികളുണ്ട്. ഉച്ചയ്ക്കുള്ള തിരുവോണസദ്യയിൽ പങ്കെടുത്ത് ഓണം ആഘോഷിക്കുന്ന വിശ്വാസികളെ ഞാൻ വിമർശിക്കുന്നില്ല. അതൊക്കെ ഓരോരുത്തരുടെ ഇഷ്ടമല്ലേ? എന്നാൽ ഇത്തരക്കാർ സഭയിലെ ഓരോ കാര്യങ്ങളെ പാരമ്പര്യം എന്നു പറഞ്ഞ് വിമർശിക്കുമ്പോഴാണ് എനിക്ക് ദേഷ്യം വരുന്നത്. സഭയിലെ ചില പാരമ്പര്യങ്ങൾ എതിർക്കപ്പെടേണ്ടവ തന്നെയാണ്. എന്നാൽ ഓണവും ഓണസദ്യയും എല്ലാം നിർബന്ധമായും വേണം എന്നു പറയുന്ന വിശ്വാസികൾക്ക് സഭയിലെ പാരമ്പര്യങ്ങളെ എതിർക്കാനുള്ള ധാർമ്മിക യോഗ്യത ഇല്ലെന്നു മാത്രം.

ഒരിക്കൽ ഞങ്ങളുടെ ബന്ധുക്കളുടെ ഇടയിൽ എല്ലാവരെയും വിളിച്ച് ചേർത്ത് ഓണം ആഘോഷിക്കുകയുണ്ടായി. എല്ലാവരും വിശ്വാസികളാണ്. “നമ്മുടെ വല്യമ്മച്ചിയോടൊത്ത് ഇനി ഒരു ഓണം നമുക്കുണ്ടാകില്ല. നമുക്ക് നമ്മുടെ വല്യമ്മച്ചിയോടൊത്ത് ഓണം ആഘോഷിക്കണം” ഇങ്ങനെ പറഞ്ഞുകൊണ്ട് എന്നെയും കുടുംബത്തെയും അവർ ക്ഷണിച്ചു. ഞാൻ പോയില്ല. വല്യമ്മച്ചിയോടൊപ്പം ഒരു ഭക്ഷണം എന്നാണെങ്കിൽ എനിക്ക് പ്രശ്നമില്ലായിരുന്നു. ഓണസദ്യ എന്നു പറഞ്ഞപ്പോൾ അത് എനിക്ക് ഇടർച്ചയായി. ഞങ്ങളാരും പോയില്ല. ഓണസദ്യ കെങ്കേമമായി കഴിഞ്ഞു.

പക്ഷേ വല്യമ്മച്ചി കട്ടിൽ കാലിയാക്കിയില്ല. പിന്നെയും പത്ത് കൊല്ലം കൂടി കഴിഞ്ഞാണ് വല്യമ്മച്ചി അരങ്ങൊഴിഞ്ഞത്. വല്യമ്മച്ചിക്ക് സെന്റ് ഓഫ് പാർട്ടിയായി (send off party) ഓണസദ്യ നടത്തിയവർ ഇളിഭ്യരായത് മിച്ചം.

തിരുവോണനാൾ പൊതുഅവധിയായതിനാൽ അന്ന് പ്രാർത്ഥനയോഗങ്ങളോ ക്യാമ്പുകളോ വിശ്വാസിസമൂഹം സംഘടിപ്പിക്കാറുണ്ട്. പക്ഷേ ഉച്ചയ്ക്ക് തിരുവോണസദ്യ നിർബന്ധമാണ്. ഇല്ലെങ്കിൽ പല വിശ്വാസികാരണവന്മാരുടെയും നെറ്റിയിൽ ചുളിവുകൾ വീഴും. രക്ഷിക്കപ്പെട്ട് മുന്നോട്ട് വന്നെങ്കിലും പഴയതിന്റെ തരിയും പൊടിയും, അല്ല... ചിലതൊക്കെ മുഴുവനായിത്തന്നെ കൂടെ കിടപ്പുണ്ട് – ഛർദ്ദിൽ കഴിഞ്ഞ് അത് കഴുകി തുടച്ച് വരുന്ന കുട്ടിയുടെ മുഖത്തും ശരീരത്തും അവിടവിടെ ഛർദ്ദിലിന്റെ അവശിഷ്ടങ്ങൾ കിടക്കുന്നതുപോലെ! ക്രിസ്മസ് വന്നാൽ വീടിന്റെ മുന്നിൽ നക്ഷത്രം തൂക്കിയിടുന്ന വിശ്വാസികൾക്കുണ്ടോ ഈ വക കാര്യങ്ങൾ പറഞ്ഞാൽ മനസ്സിലാകുന്നു?

ഓണത്തിന് പൂക്കളം, സെറ്റ്മുണ്ട്, ഓണസദ്യ...

ക്രിസ്മസിന് പുൽക്കൂട്, നക്ഷത്രം, ചുവന്ന വസ്ത്രം, ചുവന്ന തൊപ്പി, ക്രിസ്മസ് കാർഡ്, ക്രിസ്മസ് കേക്ക്...

ഇതൊക്കെ ചെയ്യുന്ന വിശ്വാസികളേ...

(കർത്താവിൽ വിശ്വസിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേറ്റവരെയാണ് വിശ്വാസികൾ എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്.)

ഇതൊക്കെ ചെയ്യുന്ന വിശ്വാസികളേ... ഇതൊക്കെ ആകാമെങ്കിൽ നിങ്ങൾക്ക് ദീപാവലിയും വിഷുവും റംസാൻനോമ്പും ഒക്കെ ആകരുതോ? സർവമതസ്നേഹം എന്ന ഉദാത്തമായ സന്ദേശം അങ്ങനെ കൈമാറാനും കഴിയും. അവിശ്വാസികളായ ബന്ധുക്കളേയും നാട്ടുകാരെയും തൃപ്തിപ്പെടുത്താനായുള്ള ഈ കോലംകെട്ടൽ അവസാനിപ്പിക്കാൻ ചങ്കൂറ്റമുള്ള വിശ്വാസികൾ എത്ര പേരുണ്ടിവിടെ?

2024 ലെ, അതായത് ഈ വർഷത്തെ, തിരുവോണനാളിലേക്ക് നമുക്ക് തിരിച്ചുവരാം. അതൊരു ഞായറാഴ്ചയായിരുന്നു. തിരുവോണം നിമിത്തം ലഭിക്കുന്ന ഒരു അവധി നഷ്ടപ്പെട്ടതിലെ ദുഃഖമായിരുന്നു പല സർക്കാർ ജോലിക്കാർക്കും. പക്ഷേ ദൈവമക്കളായ ചിലരുടെ ദുഃഖം മറ്റൊന്നായിരുന്നു. തിരുവോണദിവസം ഞായറാഴ്ചയായതുകൊണ്ട് സഭായോഗം വേണോ അതോ ഓണം വേണോ എന്നൊരു ആശയക്കുഴപ്പം ചിലർക്കെങ്കിലുമുണ്ടായത്രേ!

പല സഭാകൂടിവരവുകളിലും ഇത്തരം ലൗകികകാര്യങ്ങളിൽ സംബ ന്ധിക്കാനായി സഭായോഗത്തിന്റെ സമയം നേരത്തേയാക്കിയിട്ടുണ്ട്. എന്നാൽ ചിലർ പണ്ടുമുതലുള്ള ആ സമയക്രമത്തിൽ മാറ്റം വരുത്താതെ മുന്നോട്ടുപോകുന്നുണ്ട്. രാവിലെ 10 മുതൽ 12–30 വരെയോ 1 മണിവരെയോ ഉള്ള സഭായോഗങ്ങളിൽ പങ്കെടുത്ത്, ഉച്ചയ്ക്ക് ബന്ധുക്കളോടൊപ്പമുള്ള ഓണസദ്യ കഴിക്കാൻ പറ്റില്ലെന്ന് തിരിച്ചറിഞ്ഞ ചില ദൈവമക്കൾ, വലിയ ബുദ്ധിമുട്ടൊന്നുമില്ലാതെ ഒരു തീരുമാനത്തിലെത്തി – ഈ ഞായറാഴ്ച യോഗത്തിന് പോകുന്നില്ല!

അങ്ങനെ ഈ വർഷത്തെ തിരുവോണനാളായ ഞായറാഴ്ചയിലെ സഭായോഗത്തിന് ചില സഭാകൂടിവരവുകളിലെങ്കിലും വിശ്വാസികൾ കുറവായിരുന്നു. പാതാളത്തിലേക്ക് ചവുട്ടിത്താഴ്ത്തപ്പെട്ട മാവേലിയും കാൽവരിയിലെ കുരിശിൽ അകൃത്യയാഗമായിത്തീർന്ന യേശുക്രിസ്തുവും തമ്മിലുള്ള താരതമ്യത്തിൽ, അവർ മാവേലിയെ മതി എന്ന് തീരുമാനിച്ചു. പണ്ട്, ബറബ്ബാസിനെ ഞങ്ങൾക്ക് മതി എന്ന് ആർത്ത് പറഞ്ഞ നന്ദികെട്ട ജനത്തിന്റെ പുതിയ പതിപ്പ്!

കർത്തൃമേശ വേണോ അതോ ഓണസദ്യ വേണോ എന്ന് തെരഞ്ഞെ ടുക്കേണ്ടി വന്നപ്പോൾ ഇക്കൂട്ടർ ഓണസദ്യ തെരഞ്ഞെടുത്തിരിക്കുന്നു! കർത്തൃമേശയിലെ ഗോതമ്പപ്പവും വീഞ്ഞും ഒരു വശത്ത്.... ഓണസദ്യ യിലെ സാമ്പാറും, പച്ചടി, കിച്ചടി, പൈനാപ്പിൾ കറി, പപ്പടം, അവിയൽ, കാളൻ, ഓലൻ എന്നിങ്ങനെയുള്ള വൈവിധ്യമുള്ള വിഭവങ്ങളും കൂട്ടിയുള്ള ഗംഭീരമായ ഊണ് മറുവശത്ത്... ഇതിൽ ഏത് വേണമെന്ന് തെരഞ്ഞെടു ക്കാൻ ചില വിശ്വാസികൾക്ക് അശേഷം പ്രയാസമുണ്ടായില്ലെന്ന്!

തിരുവോണനാളായ ഞായറാഴ്ചയിൽ ഓണത്തിന്റെ പേരും പറഞ്ഞ് സഭായോഗം ഉപേക്ഷിച്ച ദൈവജനമേ, നിങ്ങളെക്കുറിച്ചോർത്ത് ഞാൻ ലജ്ജിക്കുന്നു. കാൽവരിയിൽ നിങ്ങളുടെ പാപത്തിന്റെ പരിഹാരത്തിനായി ചോരചിന്തി മരിച്ച കർത്താവിനെ അപമാനിക്കുന്ന വിധം പെരുമാറിയവർ അതിൽ എത്രയും അധികമായി ദുഃഖിക്കുകയും കർത്താവിനോട് അത് ഏറ്റുപറഞ്ഞ് മാപ്പുചോദിക്കുകയും ചെയ്തില്ലെങ്കിൽ കൂടുതൽ പ്രശ്നങ്ങ ളിലേക്ക് നിങ്ങൾ കൂപ്പുകുത്തും.

ലോകപ്രകാരമുള്ള ആഘോഷങ്ങൾ ബഹുവർണ്ണചിത്രമായി അനുഭ വപ്പെടുകയും ദൈവവചനപ്രകാരമുള്ള കാര്യങ്ങൾ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രമായി അനുഭവപ്പെടുകയും ചെയ്യുന്നുവെങ്കിൽ, പ്രിയ വിശ്വാസികളേ നിങ്ങൾ നിങ്ങളുടെ ആത്മികനിലവാരം ദൈവവചനത്തിന്റെ അടിസ്ഥാന ത്തിൽ ഒന്ന് തൂക്കിനോക്കുവാൻ സമയമായിരിക്കുന്നു.

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Kurien Mathew, Kakkanad, Ernakulam

താങ്കൾക്ക് ഒരു അപകടമുണ്ടായി എന്നറിഞ്ഞതിൽ എനിക്ക് ദു:ഖമുണ്ട്. എന്നാൽ ദൈവം താങ്കളെ അത്ഭുതകരമായി സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്തുവല്ലോ. സ്വർഗ്ഗസ്ഥനായ പിതാവ് വളരെ സവിശേഷമായ രീതിയിൽ അവന്റെ ശുശ്രൂഷ ചെയ്യുവാൻ താങ്കളെ സഹായിച്ചുകൊണ്ടിരിക്കുന്നു. എല്ലാ മഹത്വവും ബഹുമാനവും അവന് മാത്രം. നമ്മുടെ ദൈവം നിങ്ങളെ കൈവിടില്ല. താങ്കളുടെ വിഷമകരമായ അവസ്ഥയിൽനിന്ന് എത്രയും വേഗം കരകയറാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. ഈ മാസിക ഞങ്ങൾക്ക് ആത്മികമായ വലിയ ഉൾക്കാഴ്ച നൽകുന്നതാണ്. ഈ സേവനത്തിലൂടെ കൂടുതൽ ആത്മാക്കൾ സ്വർഗ്ഗത്തിലേക്ക് ആകർഷിക്കപ്പെടും.

## Jaimohan Athirunkal

അപകടമുണ്ടായത് അറിഞ്ഞില്ല. ഖേദിക്കുന്നു. ഏറെ ക്രിസ്തീയപ്രസിദ്ധീകരണങ്ങളൊന്നും വായിക്കുന്നില്ലെങ്കിലും, താത്പര്യത്തോടെ വായിക്കുന്നത് റിയൽ ലൈഫ് ആണ്. സുവിശേഷകൻ ഐസക് പീച്ചിയുടെ എഴുത്ത് ഹൃദ്യമാണ്. അദ്ദേഹത്തെ ഒന്ന് കണ്ട് അല്പനേരം ഒരുമിച്ച് ചെലവിടണമെന്നുണ്ട്. **(എഡിറ്റർ: സുവിശേഷകൻ ഐസക്, പീച്ചിയുടെ ഫോൺ നമ്പർ ഇതാണ്: 96 45 30 41 62)**

## Aksa Grace, Nellikkunnu, Thrissur

ബ്രദറിനുണ്ടായ അപകടത്തെപ്പറ്റി മാസികയിലൂടെ അറിയുവാൻ കഴിഞ്ഞു. പൂർണ്ണസൗഖ്യത്തിനും ആരോഗ്യത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നു. മാസിക മുടങ്ങാതെ ലഭിക്കുന്നുണ്ട്. നന്ദി പറയുന്നു.

## V V Xavier, Koratty, Thrissur

2024 ഓക്ടോബർ ലക്കം *തട്ടും തലോടലും* എന്ന പംക്തിയിലെ അവസാന പാരഗ്രാഫ് എല്ലാ വിശ്വാസസമൂഹവും ഉൾക്കൊള്ളേണ്ടതാണ്. രക്ഷി

ക്കപ്പെട്ടു എന്നു പറയുകയും തങ്ങൾ വിട്ടുപോന്ന ജാതിപ്പേര് ഉയർത്തിക്കാണിക്കുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ രക്ഷ എന്തെന്നു പോലും അറിഞ്ഞിട്ടുള്ളവരല്ല. അങ്ങനെയുള്ളവർ രക്ഷിക്കപ്പെട്ടു എന്ന് പറയുന്നതിൽ എന്തു വാസ്തവികതയാണുള്ളത്?

**Abhilash V, Kodumon East, Pathanamthitta**

2024 ഓക്ടോബർ ലക്കം *തട്ടും തലോടലും* എന്ന പംക്തിയിലെ അവസാനഭാഗത്തെ വരികൾ എനിക്ക് ഇഷ്ടപ്പെട്ടു.

## തൃശ്ശൂർപൂരം

തൃശ്ശൂർ പൂരം ചിലരെല്ലാം ചേർന്ന് കലക്കി എന്നൊരു കൂട്ടർ. തൃശ്ശൂർ പൂരം കലങ്ങിയിട്ടില്ലെന്ന് മറ്റൊരു കൂട്ടർ. സുരേഷ്ഗോപി ആമ്പുലൻസിൽ വന്നിറങ്ങിയെന്ന് ഒരു കൂട്ടർ. അങ്ങനെ ഒരു കാര്യം സംഭവിച്ചിട്ടില്ലെന്ന് സുരേഷ്ഗോപി. ഏതൊക്കെയാണ് ശരി? സാക്ഷാൽ വടക്കുനാഥന് വായ് തുറന്ന് ഒന്ന് ശബ്ദിച്ചുകൂടെ? തിരുമുറ്റത്ത് വർഷങ്ങളായി അരങ്ങേറുന്ന, തൃശ്ശൂരിനെ ലോകപ്രശസ്തമാക്കിയ പൂരത്തെ അലങ്കോലമാക്കിയെങ്കിൽ, അതിനുത്തരവാദികളായവരുടെ ഗൂഢതന്ത്രം എന്തായിരിക്കും?

എനിക്ക് നേതാക്കന്മാരോട് ഒന്ന് രണ്ട് കാര്യങ്ങൾ പറയാനുണ്ട്. ഒന്ന്: ദയവ് ചെയ്ത് നിങ്ങൾ നേര് സംസാരിക്കുക. വായ് തുറന്ന് സർവനാശിയായ നുണബോംബുകൾ പൊട്ടിക്കുന്ന പരിപാടി ദയവായി നിർത്തൂ. രണ്ടാമതായി എനിക്ക് പറയാനുള്ള കാര്യം: പൊതുജനം പഴയപോലെ കഴുതകളല്ല. കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കി, ശരിയും തെറ്റും വിവേചിച്ചറിയാനുള്ള വിവേകം മിക്കയാളുകൾക്കുമുണ്ട്. അവരോട് സംസാരിക്കുമ്പോൾ പമ്പരവിഡ്ഢികളോട് സംസാരിക്കുന്നപോലെ സംസാരിക്കരുത്.

തിരുവമ്പാടിയും പാറേമെക്കാവും ചേർന്ന് വടക്കുന്നാഥന്റെ മുറ്റത്ത് നടത്തുന്ന തൃശ്ശൂർ പൂരം കലങ്ങിയോ? ഉവ്വെന്നാണ് ക്ഷേത്രം ഭാരവാഹികൾ പറയുന്നത്. എങ്കിൽ എന്തിന്? ഇലക്ഷനിൽ ആർക്കോ ജയിക്കാൻ വേണ്ടിയാണത്രേ! പൂരം കലക്കി, ഇലക്ഷനിൽ ജയിക്കാൻ നോക്കിയവർ ആരാണ്? ആ, അതൊക്കെ പോട്ടെ. നമ്മുടെ മുഖ്യമന്ത്രി മുമ്പ് പറഞ്ഞ 'കടക്കൂ പുറത്ത്' എന്നതിന്റെ ഇംഗ്ലീഷ്പരിഭാഷ റെഡിയായിട്ടുണ്ട്. 'മൂവ് ഔട്ട്' എന്നാണത്. നമ്മുടെ സുരേഷ്ഗോപിയാണ് പത്രക്കാരോട് ഇത് പറഞ്ഞത് – അതും തൃശ്ശൂർപൂരം കലക്കിയതിനെക്കുറിച്ച് ചോദിച്ചപ്പോൾ!

# ആസ്യയിലെ ഏഴ് സഭകൾ

## 9 വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

### എഫെസൊസ് സഭയ്ക്കുള്ള സന്ദേശം (വെളി. 2:1-7)

**എഫെസൊസ് സഭ മാനസാന്തരപ്പെടണം:**

*എങ്കിലും നിക്കൊലാവ്യരുടെ നടപ്പ് നീ പകയ്ക്കുന്നു എന്നൊരു നന്മ നിനയ്ക്കുണ്ട്. അത് ഞാനും പകയ്ക്കുന്നു (2:6)*

**നിക്കൊലാവ്യരുടെ നടപ്പ്**

നിക്കൊലാവ്യരുടെ നടപ്പ് എന്താണെന്ന് നമുക്കറിഞ്ഞുകൂടാ. ബൈബിൾ വ്യക്തമാക്കിയിട്ടില്ലാത്ത ആ കാര്യത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്. അപ്പൊ.പ്രവൃ. 6:5 ൽ കാണുന്ന നിക്കൊലാവൊസ് ദുരപദേശകനായി മാറി എന്നും അദ്ദേഹത്തിന്റെ ദുരുപദേശങ്ങളാണ് നിക്കൊലാവ്യരുടെ നടപ്പ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നുമാണ് ഒരു അഭിപ്രായം. (പാവം നിക്കൊലാവൊസ്!)

നിക്കെ = കീഴടക്കുന്നവൻ, ലാവൊസ് = ജനം. ഇങ്ങനെ അർത്ഥമെടുക്കാവുന്നതുകൊണ്ട്, നിക്കൊലാവ്യർ എന്നതിന് ജനത്തെ കീഴ്പ്പെടുത്തുന്നവർ എന്നർത്ഥം വരുമെന്നും അതിനാൽ പട്ടത്വ-അയ്മേനി വിഭജനത്തെയാണ് (അച്ചനും അത്മായനും) ഇതുകൊണ്ട് അർത്ഥമാക്കുന്നതെന്നും ഉള്ളതാണ് മറ്റൊരു അഭിപ്രായം.

മേൽപ്പറഞ്ഞ രണ്ടഭിപ്രായങ്ങൾക്കും വ്യക്തമായ തെളിവുകൾ ഇല്ലാത്തതുകൊണ്ട്, വെറുതെ ഒരു ഊഹമെന്ന നിലയിൽ മാത്രം നാം അവ മനസ്സിലാക്കിയാൽ മതി. ഒരു കാര്യം വ്യക്തം; നിക്കൊലാവ്യരുടെ നടപ്പ് എന്നതുകൊണ്ട് ഉദ്ദേഷിക്കുന്നത് ഏതായാലും നല്ല ഒരു കാര്യത്തെക്കുറിച്ചല്ല. ദൈവത്തിനിഷ്ടമില്ലാത്ത ഒന്നാണത്.

**അത് ഞാനും പകയ്ക്കുന്നു**

ദൈവം പകയ്ക്കുന്നത് നാമും പകയ്ക്കണം. ദൈവം വെറുക്കുന്ന ഒരു കാര്യത്തെ നാം കെട്ടിപ്പിടിച്ചിരിക്കേണ്ട കാര്യമില്ലല്ലോ. നിക്കൊലാവ്യരുടെ നടപ്പ് എന്താണെന്നതിനെക്കുറിച്ച് നാം ഗവേഷണം നടത്തി കഷ്ടപ്പെടേണ്ട കാര്യമില്ല. അത് എന്തുതന്നെയായാലും, ദൈവം വെറുക്കുന്ന ഒരു സംഗതി യാണെന്നു മാത്രം മനസ്സിലാക്കിയാൽ മതി. ഏതൊരു കാര്യവും ചെയ്യു മ്പോഴും, ഇത് ദൈവം പകയ്ക്കുന്ന കാര്യമാണോ എന്നു പരിശോധിക്കുക. തിരുവെഴുത്തുകളിൽനിന്ന് ദൈവത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ നമുക്ക് അറി യാമല്ലോ.

*ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ; ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും (2:7)*

**സഭകളോട്**

"സഭകളോട്" എന്ന ബഹുവചനം ശ്രദ്ധിക്കുക. എഫെസൊസ് സഭ യ്ക്കുള്ള സന്ദേശമാണ് ഇത്; എന്നിരുന്നാലും ഇത് എല്ലാ സഭകൾക്കുമുള്ള സന്ദേശമാണ്. അതുകൊണ്ട് ഓരോ പ്രാദേശികസഭയും ഈ സന്ദേശം ശ്രദ്ധി ക്കുകയും വിമർശനം ഉൾക്കൊള്ളുകയും വേണം. സ്വയം പരിശോധിക്ക ണം. എഫെസൊസ്സഭയുടെ ഗുണങ്ങൾ നാം സ്വീകരിക്കുകയും കുറവു കൾ നാം ഒഴിവാക്കുകയും ചെയ്യണം.

**ചെവിയുള്ളവൻ**

"ചെവിയുള്ളവൻ" എന്ന് ഏകവചനത്തിൽ പറഞ്ഞിരിക്കുന്നു. സഭക ളോട് ആത്മാവ് പറയുന്ന ഓരോ കാര്യവും കേൾക്കേണ്ടത് (അനുസരിക്കേ ണ്ടത്) ഓരോരുത്തരുടെയും വ്യക്തിപരമായ ഉത്തരവാദിത്തമാണ്. അതാ യത്, എഫെസൊസ്സഭയ്ക്കുള്ള സന്ദേശം ലോകത്തിലെ എല്ലാ സഭകൾക്കുമുള്ള സന്ദേശം മാത്രമല്ല, ഓരോ ക്രിസ്ത്യാനിക്ക് വ്യക്തിപര മായുള്ള സന്ദേശം കൂടിയാണ്.

**ജയിക്കുന്നവന്**

"ജയിക്കുന്നവന്" എന്ന ഏകവചനപ്രയോഗവും നോക്കുക. ഓരോരു ത്തരുടെയും വ്യക്തിപരമായ പ്രകടനത്തിന്റെ (അനുസരണത്തിന്റെ) അടി സ്ഥാനത്തിലാണ് ദൈവത്തിൽനിന്ന് പ്രതിഫലം ലഭിക്കുന്നത്. സഭയ്ക്ക് പ്രതിഫലമില്ല; വ്യക്തികൾക്കാണ് പ്രതിഫലം. ബ്രദ്റൺ, പെന്തെക്കോസ്ത് എന്നിങ്ങനെ ഒരു സഭയുടെയും പേര് സ്വർഗ്ഗത്തിൽ ഉച്ചരിക്കപ്പെടുകയില്ല. വ്യക്തികളെയാണ് വിളിക്കുക.

നാം ജയിക്കണം എന്നു തന്നെയാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ദൈവജനം തോൽക്കുമ്പോൾ പിശാചിന്റെ താവളത്തിൽ സന്തോഷമുണ്ടാകുന്നു. ജയിക്കുന്നവന് ഇന്നിന്നത് നൽകും എന്നു പറഞ്ഞുകൊണ്ട് ഓരോരുത്തരെയും ജയിക്കാനായി ദൈവം പ്രോത്സാഹിപ്പിക്കുകയാണ്. ദൈവജനത്തെ തോൽപ്പിക്കുക എന്ന ഒറ്റയൊരു ലക്ഷ്യവുമായി നടക്കുന്ന പിശാചിന്റെ തന്ത്രങ്ങളെ നാം തിരിച്ചറിയണം. ഏദെൻതോട്ടത്തിൽ വച്ച് തന്റെ പദ്ധതി വിജയകരമായി പരീക്ഷിച്ചുകൊണ്ട് ആദിമാതാപിതാക്കളെ ദൈവമുമ്പാകെ തോൽപ്പിക്കുകയും നിരവധി അനുഗ്രഹങ്ങൾ അവർക്കും തലമുറകൾക്കും നഷ്ടപ്പെടുത്തുകയും ചെയ്തവൻ ഇന്നും തന്റെ ജോലി തുടരുകയാണ്.

**ജീവവൃക്ഷത്തിന്റെ ഫലം**

പാപം ചെയ്ത ആദാമിനെയും ഹവ്വയെയും ഏദെൻ തോട്ടത്തിൽനിന്ന് പുറത്താക്കാൻ പറഞ്ഞ കാരണം ഉല്പത്തി 3:22 ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: “ഇപ്പോൾ അവൻ കൈനീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചുതിന്ന് എന്നേക്കും ജീവിപ്പാൻ സംഗതി വരരുത്” തോറ്റവന് നിഷേധിക്കപ്പെട്ട ജീവവൃക്ഷത്തിന്റെ ഫലം ജയിക്കുന്നവന് ലഭിക്കും എന്നാണ് കർത്താവ് പറയുന്നത്. ഏദെൻതോട്ടത്തിൽ നഷ്ടപ്പെട്ട ജീവവൃക്ഷത്തിന്റെ ഫലം ദൈവത്തിന്റെ പറുദീസയിൽനിന്ന് ലഭിക്കാൻ പോവുകയാണ്. അങ്ങനെ ജയിക്കുന്നവൻ എന്നേക്കും ജയാളിയായി ജീവിക്കും.

ജീവവൃക്ഷത്തിന്റെ ഫലം എന്നത് അക്ഷരാർത്ഥത്തിൽ പറഞ്ഞതാകണമെന്നില്ല. ആലങ്കാരിക അർത്ഥത്തിൽ ഇതിനെ മനസ്സിലാക്കുന്നതാണ് നല്ലത്. ഏദെൻതോട്ടത്തിൽ അക്ഷരാർത്ഥത്തിൽ അപ്രകാരമൊരു ഫലം ഉണ്ടായിരുന്നു എന്നത് ശരിതന്നെ. ഏദെനിലെ മുഴുവൻ വൃക്ഷങ്ങളും മണ്ണിന്നടിയിൽ പോയല്ലോ. “ഏദെനിലെ സകല വൃക്ഷങ്ങളും...ഭൂമിയുടെ അധോഭാഗത്ത് ആശ്വാസം പ്രാപിച്ചു” (യെഹെസ്കേൽ 31:16).

ഒരു ജീവവൃക്ഷം, അതിൽ നിറയെ ഫലങ്ങൾ, ജയാളിയായി വരുന്നവരെ വ്യക്തിപരമായി വിളിച്ച് അത് തിന്മാൻ കൊടുക്കുന്നു എന്നിങ്ങനെ ചിന്തിക്കുന്നത്, വെളിപ്പാട്പുസ്തകത്തിലെ പൊതുവായ ഭാഷാരീതിക്ക് യോജിക്കുന്നതല്ല. ജയിക്കുന്നവന് പ്രതിഫലം തീർച്ചയായും ഉണ്ടായിരിക്കുമെന്നും, ആ പ്രതിഫലം എന്നേക്കും നിലനിൽക്കുന്നതാണെന്നും മാത്രമാണ് ഇവിടെ അർത്ഥമാക്കുന്നത്. അലങ്കാരികപ്രയോഗങ്ങൾ ധാരാളമായി കാണുന്ന പുസ്തകമാണല്ലോ വെളിപ്പാട്പുസ്തകം. **(തുടരും)**

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരാൻ ആഗ്രഹിക്കുന്നവർ അക്കാര്യം കാണിച്ച് 9544557557ലേക്ക് വാട്സാപ് ചെയ്യുക.**

**സുവിശേഷകനായ**

# കെ. വി. ഐസക്, പീച്ചി

8

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 14. പുസ്തകവില്പന - കൈപ്പേറിയ അനുഭവം!

സുവിശേഷവേലയോടുള്ള ബന്ധത്തിലെ ജീവിതാനുഭവങ്ങളിൽ കൈപ്പേറിയതുമുണ്ട്, നല്ലതുമുണ്ട്. പ്രയാസപ്പെടുത്തുന്നതും ലജ്ജാകരമായതുമായ അവസ്ഥകളും ഉണ്ടായിട്ടുണ്ട്. സുവിശേഷവേലയ്ക്ക് വേർതിരിഞ്ഞ് പ്രവർത്തനം തുടങ്ങിയ കാലത്ത്, പുറമെനിന്ന് ആരുടെയെങ്കിലും സഹായമൊന്നും എനിക്ക് കിട്ടിയിട്ടില്ല. പുറത്തുള്ളവരെയൊന്നും എനിക്ക് അറിഞ്ഞുംകൂടായിരുന്നു. ആകെക്കൂടി അറിയാവുന്നത് നെല്ലിക്കുന്നും തൃശ്ശൂരും ഉള്ള സഹോദരന്മാരെയും അങ്കമാലിയിലെ ചില സഹോദരന്മാരെയും ആണ്.

ഞാൻ തെക്കൻപ്രദേശങ്ങളിലേക്ക് യാത്ര ചെയ്തിട്ടുള്ള സഞ്ചാരിയല്ല. എന്നെ പൊതുവെ ആളുകൾ അറിയുകയുമില്ല. പാട്ടിന്റെ പേരിൽ കുറച്ച് ആളുകൾക്ക് എന്നെ അറിയാമെന്നതൊഴിച്ചാൽ എനിക്ക് അങ്ങനെ വിപുലമായ ബന്ധങ്ങളൊന്നുമില്ല. അക്കാലങ്ങളിൽ അങ്കമാലിയിലെ പ്രീമിയർ പ്രസ്സിൽ ഞാൻ വല്ലപ്പോഴുമൊക്കെ ചെല്ലുമ്പോൾ അവിടെയുള്ള പി. പി. ജോർജ്ജേട്ടൻ എനിക്ക് എന്തെങ്കിലുമൊക്കെ സഹായം ചെയ്യാറുണ്ട്.

ഒരിക്കൽ അദ്ദേഹം എന്നോട് പറഞ്ഞു: “ഐസക്ക്സഹോദരാ, കുറെ ഇംഗ്ലീഷ് പുസ്തകങ്ങളിൽ കപ്പലിൽ എത്തിയിട്ടുണ്ട്. അത് വിറ്റഴിച്ചാൽ നല്ലതാണ്. സഹോദരന്റെ ആവശ്യങ്ങൾക്കുള്ള പണം അതിൽ നിന്നു കിട്ടും. കുറച്ച് കാശ് എനിക്കും തരണം. എനിക്ക് ചെലവായ കാശ് കിട്ടിയാൽ മതി.” അങ്ങനെ അദ്ദേഹം എനിക്ക് കുറെ പുസ്തകങ്ങൾ തന്നു. അവയിൽ കുറച്ച് ഞാൻ ബസ്സിൽ കയറ്റി കൊണ്ടുവന്നു. രണ്ടാമത്തെ തവണ കുറെ പുസ്തകങ്ങൾ ഒരു ഓട്ടോറിക്ഷയിൽ കയറ്റി കൊണ്ടുവന്നു.

പുസ്തകങ്ങളെല്ലാം നെല്ലിക്കുന്നുള്ള ഒരു വീട്ടിൽ വച്ചു. കിഴക്കേകോട്ടയിലെ കൺവൻഷന് ഞാനും മറ്റൊരു സഹോദരനും ചേർന്ന് അതിൽ കുറെ

വിറ്റു. തൃശ്ശൂർ കിഴക്കേകോട്ടയിലെ കൺവൻഷൻയോഗങ്ങൾ വലുതും പ്രസിദ്ധവുമായതിനാൽ പത്തനംതിട്ടയിൽനിന്ന് പത്രോസ്സാറും കുറെ പുസ്തകങ്ങളുമായി വന്നിരുന്നു. മാത്രമല്ല, മധുരയിൽ നിന്നും എം. ഈ. ചെറിയാൻസാറും അദ്ദേഹത്തിന്റെ കുറെ പുസ്തകങ്ങളുമായി അവിടെയെത്തി.

മീറ്റിംങ് കഴിഞ്ഞ് പോകുമ്പോൾ ചെറിയാൻസാർ എന്നോട് പറഞ്ഞു: "ഐസക്കേ, ഞാൻ ഈ പുസ്തകങ്ങളൊന്നും തിരിച്ചുകൊണ്ടുപോകുന്നില്ല. ഐസക്ക് ഇവിടെയുണ്ടല്ലോ. ഈ പുസ്തകങ്ങൾ എടുത്തോളൂ" എന്നു പറഞ്ഞ് കുറച്ച് പുസ്തകങ്ങൾ എന്നെ ഏൽപ്പിച്ചു. "ഇത് വിറ്റ്, പൈസ എനിക്ക് പിന്നെ തന്നാൽ മതി" എന്ന് അദ്ദേഹം പറഞ്ഞു. ആ കാലത്ത് (1987–88 കാലത്ത്) ഏകദേശം 1000 രൂപ വരുന്ന പുസ്തകങ്ങളാണ് അദ്ദേഹം എന്നെ ഏല്പിച്ചത്.

അപ്പോൾ പത്രോസ്സാറും പറഞ്ഞു, "ഇതിനകത്ത് ഏകദേശം രണ്ടായിരം രൂപയുടെ പുസ്തകങ്ങളുണ്ട്. വിറ്റ് തീർന്നില്ലെങ്കിൽ അടുത്ത വർഷം വരുമ്പോൾ ഞാൻ കൊണ്ടുപോകാം. വേറെയും ചെറിയ ചെറിയ കൺവൻഷനുകളെല്ലാം ഉണ്ടല്ലോ." അങ്ങനെ അവർ രണ്ടുപേരും പുസ്തകങ്ങൾ എന്നെ ഏൽപ്പിച്ചു. എനിക്ക് അൽപം പ്രയാസം ഇല്ലാതില്ല. കാരണം പുസ്തകം വിൽക്കുന്നതിനോട് എനിക്ക് യോജിപ്പില്ല. എങ്കിലും കാര്യങ്ങളെല്ലാം നടക്കണമല്ലോ. ഏതായാലും കുറെ പുസ്തകങ്ങൾ വിറ്റു. കുറെ വിറ്റില്ല. ബാക്കി വന്ന പുസ്തകങ്ങളെല്ലാം കെട്ടുകളാക്കി കെട്ടി തൃശ്ശൂർ നെല്ലിക്കുന്നുള്ള ഒരു ദൈവദാസന്റെ വീട്ടിൽ വച്ചു.

അവിടെ അങ്ങ് തെക്ക് നിന്ന് വന്ന ഒരു സുവിശേഷകൻ ഉണ്ടായിരുന്നു. (ഞാൻ അദ്ദേഹത്തിന്റെ പേര് വെളിപ്പെടുത്തുന്നില്ല.) അദ്ദേഹവും കുറച്ച് പുസ്തകങ്ങൾ വച്ചിരുന്നു. അടുത്തൊരു കൺവൻഷൻ സമയത്ത് പുസ്തകങ്ങളെടുക്കാനായി ഞാൻ ചെന്നപ്പോൾ എന്റെ പെട്ടികളൊന്നും കാണാനില്ല. പകരം ട്രാക്റ്റുകളടങ്ങിയ കുറെ പെട്ടികളാണ് അവിടെ ഉണ്ടായിരുന്നത്. ആ വീട്ടിലുള്ളവർ വളരെ നിഷ്കളങ്കരായ ആളുകളാണ്. അവരോട് ചോദിച്ചപ്പോൾ അവർ പറഞ്ഞു, "ആ സഹോദരൻ വന്ന് കുറെ പുസ്തകങ്ങൾ തന്റേതാണെന്ന് പറഞ്ഞ് കൊണ്ടുപോയി."

ഞാൻ അവിടെ വച്ചിരുന്ന വിലപ്പെട്ട പുസ്തകങ്ങളെല്ലാം ആ 'വിശുദ്ധനായ' സുവിശേഷകൻ കൊണ്ടുപോയി. പിന്നെ അദ്ദേഹത്തെ ഞാൻ ഇന്നുവരെ കണ്ടിട്ടില്ല. കുറച്ച് ട്രാക്റ്റുകളും പി.പി. ജോർജ്ജേട്ടൻ തന്ന കുറച്ച് പുസ്തകങ്ങളും എനിക്ക് അവിടെനിന്ന് കിട്ടി. ചെറിയാൻസാറിന് 1000 രൂപയും പത്രോസ്സാറിന് 2000 രൂപയും പുസ്തകത്തിന്റെ വിലയായി ഞാൻ കൊടുക്കേണ്ടതുണ്ട്. ഞാൻ വളരെ കഷ്ടത്തിലായിപ്പോയി. എന്തു ചെയ്യും? യാതൊരു നിവൃത്തിയുമില്ല.

അടുത്ത സീസണിൽ പത്രോസ്സാർ വരുമെന്നാണ് പറഞ്ഞിട്ടുള്ളത്. പറഞ്ഞതുപോലെ അദ്ദേഹം വരികയും ചെയ്തു. അദ്ദേഹത്തോട് കാര്യം പറഞ്ഞപ്പോൾ അദ്ദേഹം അത് സമ്മതിച്ചില്ല. അതൊക്കെ തന്റെ കുറ്റമാണ് എന്ന് അദ്ദേഹം പറഞ്ഞു. ചെറിയാൻസാറിന്, ഇങ്ങനെയൊക്കെ സംഭവിച്ചു എന്ന് പറഞ്ഞ് ഞാൻ കത്തെഴുതി. സാറ് "പോട്ടെടാ, അതൊക്കെ പോട്ടെ, നീ സുവിശേഷവേല ചെയ്യ്" എന്ന് പറഞ്ഞ് എനിക്ക് മറുപടി അയച്ചു. അപ്പോൾ സാറിന്റെ കാര്യത്തിൽ എനിക്ക് ആശ്വാസമായി. പക്ഷേ പത്രോസ്സാർ വിപരീതമായാണ് പ്രതികരിച്ചത്.

പിന്നീട് പത്രോസ്സാർ, വിശ്വസ്തനായിരിക്കണം എന്ന് പറഞ്ഞ് എനിക്ക് കത്തെഴുതി. ഒരു വിശ്വസ്തതയും പാലിക്കാൻ എനിക്ക് കഴിഞ്ഞില്ല. ഒരു ദിവസം എന്നെ ശകാരിക്കാനായി പത്രോസ്സാറ് എന്റെ വീട്ടിലേക്ക് വന്നു. എന്റെ വീട്ടിൽ എത്തിപ്പെടുക എന്നത് പ്രയാസമുള്ള കാര്യമാണ്. കണ്ണാറയിൽ ബസ്സിറങ്ങി, മൂന്നു കിലോമീറ്റർ നടന്ന് വരണം. അദ്ദേഹം വരുന്ന കാര്യം കത്തെഴുതി എന്നെ അറിയിച്ചിരുന്നു.

എന്റെ മൂത്ത മകളെ ബ്രഹ്മവാറിൽ പഠിക്കാൻ വിട്ടിരിക്കയായിരുന്നു. ഒരു സഹായകരമായ കാര്യം എന്ന നിലയിലാണ് അവളെ അവിടേക്ക് അയച്ചത്. വീട്ടിലെ സാമ്പത്തിക സാഹചര്യങ്ങൾ പരിതാപകരമായിരുന്നു. രണ്ടാമത്തെ ആൾ പത്തിലും മൂന്നാമത്തെ ആൾ ഏഴിലും നാലാമത്തെയാൾ അഞ്ചിലും പഠിക്കുന്ന കാലം. പത്രോസ്സാർ എന്റെ വീട്ടിലേക്ക് വരുന്നത് അപ്പോഴാണ്. തൃശ്ശൂർ എവിടെയോ യോഗം കഴിഞ്ഞ്, ഒരു ഞായറാഴ്ചയാണ് അദ്ദേഹം എന്റെ വീട്ടിലേക്ക് വന്നത്.

ഞങ്ങളുടെ വീട്ടിൽ അന്ന് കട്ടിലില്ല. ഒരു പലകത്തട്ടാണുള്ളത്. ഞങ്ങളുടെ പരിമിതമായ സാഹചര്യങ്ങളിൽ അദ്ദേഹം കഴിഞ്ഞുകൂടി. അന്ന് രാത്രി അദ്ദേഹം ഞങ്ങളുടെ വീട്ടിൽ കിടന്നു. രാത്രി പാട്ട്പാടി പ്രാർത്ഥിച്ചു. എന്നോട് അദ്ദേഹം സുവിശേഷവേലയെക്കുറിച്ച് ചോദിച്ചറിഞ്ഞു. ഞാൻ കാര്യങ്ങളുടെ നിജസ്ഥിതിയെല്ലാം അദ്ദേഹത്തോട് വിശദീകരിച്ചു. അദ്ദേഹം പറഞ്ഞു: ഇതൊന്നും വിലപ്പോകുന്ന കാര്യമല്ല. തീർച്ചയായും വിശ്വസ്തനായിരിക്കണം. അദ്ദേഹം പോകുന്നേരത്ത് വീട്ടുകാരത്തിയുടെ കയ്യിൽ ഒരു കൂട്ടായ്മയൊക്കെ ഏല്പിച്ചിട്ടാണ് പോയത്.

രണ്ടുമൂന്നു മാസം കഴിഞ്ഞപ്പോൾ എനിക്ക് കുറച്ചു പൈസ കിട്ടി. ഞാൻ ആ പണവുമായി അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. പത്രോസ്സാർ വീട്ടിലില്ലായിരുന്നു. പണം വീട്ടിൽ ഏൽപ്പിച്ച് ഞാൻ മടങ്ങിപ്പോന്നു. പിന്നീട് സാർ എനിക്ക് ഒരു കത്തയച്ചു. അതിന്റെ കൂടെ ഒരു ചെക്ക് ഉണ്ടായിരുന്നു. അവിടെയുള്ള കാര്യങ്ങളെല്ലാം ഞാൻ മനസ്സിലാക്കി. എങ്കിലും വിശ്വസ്തനായിരിക്കണം എന്ന് വീണ്ടും എന്നെ ഉപദേശിച്ചതോടൊപ്പം, എന്റെ മൂത്ത മക

ളുടെ പഠനത്തോടുള്ള ബന്ധത്തിലെ ആവശ്യങ്ങൾക്കായുള്ള പണവും എനിക്ക് അയച്ചുതന്നു. അപ്പോൾ മാത്രമല്ല, പിന്നെയും അവളുടെ പഠിത്തം കഴിഞ്ഞുവരുന്നതുവരെയും പലപ്പോഴും അവളുടെ ഹോസ്റ്റൽ ഫീസിലേക്കും മറ്റുമായി പത്രോസ്സാർ പൈസ അയച്ചുതന്നിട്ടുണ്ട്.

ഏതായാലും പുസ്തകവില്പന അതോടുകൂടി ഞാൻ നിറുത്തി. എം.ഈ. ചെറിയാൻസാറിനെ ഒരിക്കൽ കണ്ടപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു: "നീ പുസ്തകം വിൽക്കണ്ട. സുവിശേഷവേല ചെയ്താൽ മതി." മറ്റൊരവസരത്തിൽ ചെറിയാൻസാർ എന്നോട് പറഞ്ഞു: "പുസ്തകവിൽപന ആവശ്യമാണ്. അത് ചെയ്യേണ്ടതാണ്. പക്ഷേ നിന്നെപ്പോലെ ഒരാൾക്ക് പുസ്തകം വിൽക്കാൻ കഴിയില്ല. കാരണം നിന്റെ വേല വേറെയാണ്."

ആ പുസ്തകവില്പനയോടുള്ള ബന്ധത്തിൽ പിന്നെയും എനിക്ക് ചില പ്രയാസങ്ങൾ ഉണ്ടായി. പൈസ വേണ്ട എന്ന് ആദ്യം പറഞ്ഞ ചിലർ പൈസ ചോദിച്ചു. അവർക്ക് ഞാൻ പൈസ കുറെശ്ശേയായി കൊടുത്തുതീർത്തു. ചെറിയാൻസാർ മാത്രം പൈസ വാങ്ങിയില്ല. സുവിശേഷവേലയിൽ കച്ചവടം (പുസ്തകവില്പന) വേണ്ടെന്നു ഞാൻ തീരുമാനമെടുത്തു. പിന്നീട് ദൈവം എനിക്ക് കുറെ ആത്മാക്കളെ തന്നു. പുസ്തകവിൽപന ചെയ്യുന്ന എല്ലാവർക്കും ഇപ്രകാരമുള്ള അനുഭവം ഉണ്ടായിക്കൊള്ളണമെന്നില്ല. പക്ഷേ ഇതെന്റെ അനുഭവമാണ്.

യഥാർത്ഥത്തിൽ ആത്മാക്കളെ നേടാൻ നിയോഗിക്കപ്പെട്ട ഒരാൾക്ക് ഒരു കച്ചവടവും പറ്റില്ല. ഒരു സംഘടനയും പറ്റില്ല. സഭയിൽനിന്നുകൊണ്ട് ആത്മാക്കളെ നേടുകയും സഭയിൽ ശുശ്രൂഷിക്കുകയും ചെയ്യുന്ന ജോലി മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ. ഇക്കാര്യം ഞാൻ പഠിച്ചു. എന്നെ കർത്താവ് പഠിപ്പിച്ചതാണ്. ആ സഹോദരൻ എന്റെ പുസ്തകങ്ങളെല്ലാം എടുത്തുകൊണ്ട് പോയത് കർത്താവിന്റെ അറിവോടെയാണ് എന്നെനിക്ക് മനസ്സിലായി. എനിക്ക് അദ്ദേഹത്തോട് യാതൊരു വിരോധവുമില്ല. ഞാൻ അദ്ദേഹത്തെ പിന്നീട് കണ്ടിട്ടുമില്ല. അദ്ദേഹത്തെ അന്വേഷിച്ചിട്ടുമില്ല.

പത്രോസ്സാർ നിത്യതയിലേക്ക് പോയി. എം.ഈ. ചെറിയാൻസാർ നിത്യതയിലേക്ക് പോയി. പത്രോസ്സാറിന്റെ "വിശ്വസ്തനായിരിക്കണം" എന്ന കൂടെക്കൂടയുള്ള ഓർമ്മപ്പെടുത്തലും, ചെറിയാൻസാറിന്റെ "അതൊക്കെ പോട്ടെടാ, നീ സുവിശേഷവേല ചെയ്യ്"എന്ന വാക്കും എനിക്ക് മറക്കാൻ കഴിയില്ല. വേലക്കിറങ്ങിയതിനുശേഷം ഞാൻ കൂലിവേല ചെയ്തിട്ടുണ്ട്. കല്ല് വെട്ടിപൊളിച്ച് കാശ് വാങ്ങിയിട്ടുണ്ട്. എന്നാൽ കച്ചവടം ശരിയാവില്ല എന്ന് കർത്താവ് എന്നെ പഠിപ്പിച്ചു. കച്ചവടവും സുവിശേഷവേലയും ഒത്തുപോവില്ലെന്നു ഞാൻ മനസ്സിലാക്കി.

**(തുടരും)**

# യോനാ
## (പുസ്തകപഠനം)

6

### -എംവിഎസ്-

**യോനാ - ഒന്നാം അദ്ധ്യായം**

**മഹാനഗരവും ദുഷ്ടനഗരവും**

“നീ പുറപ്പെട്ട് മഹാനഗരമായ നീനെവേയിലേക്ക് ചെന്ന് അതിന് വിരോധമായി പ്രസംഗിക്ക; അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു” എന്നാണ് ദൈവം യോനാപ്രവാചകനോട് പറഞ്ഞത് (1:2). നീനെവെ മഹാനഗരമായി വളർന്നെങ്കിലും ദുഷ്ടതയ്ക്ക് ഒട്ടും കുറവില്ലായിരുന്നു.

മാതാപിതാക്കളോട് ഒരു ചോദ്യം: നിങ്ങളുടെ മക്കളെ മഹാന്മാർ (great) ആക്കാനുള്ള പരിശ്രമിത്തിനിടയിൽ അവർ ദുഷ്ടന്മാർ (wicked) ആയിമാറുന്നത് നിങ്ങൾ അറിയാറുണ്ടോ? ബി.ടെക്, എംബിഎ, ബിഎസ്സി നഴ്സിങ് തുടങ്ങിയവ പഠിക്കാനായി മക്കളെ അകലേക്ക് വിടുമ്പോൾ, അവരോട് നിരന്തരം സമ്പർക്കം പുലർത്താനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും മറക്കരുത്. മക്കൾ പഠിച്ച് വലിയവർ (മഹാന്മാർ) ആകണമെന്ന ആഗ്രഹത്താൽ, ലക്ഷങ്ങൾ ചെലവാക്കി മക്കളെ പഠിപ്പിക്കുന്നു. ആ കഠിനപരിശ്രമത്തിനിടയിൽ അവർ കഞ്ചാവിനും കള്ളിനും സെക്സിനും അടിമപ്പെട്ട് ദുഷ്ടന്മാരായിത്തീരുന്നത് പലപ്പോഴും മാതാപിതാക്കൾ അറിയുന്നില്ല.

മക്കൾ വലിയവർ (great) ആകണമെന്ന് ആഗ്രഹിക്കാത്ത മാതാപിതാക്കളില്ല. ആ ആഗ്രഹം നിമിത്തം അവർ മക്കളെ പഠിപ്പിക്കുന്നു. ചോദിക്കുന്നതൊക്കെ വാങ്ങിക്കൊടുക്കുന്നു. മക്കളുടെ പ്രീതി സമ്പാദിക്കാനായി അവരുടെ മുമ്പിൽ വച്ച് അപ്പനമ്മമാർ അവരുടെ ഭാഗം ചേർന്ന് വാദിക്കുകയും പരസ്പരം കലഹിക്കുകയും ചെയ്യുന്നു. അങ്ങനെ മക്കൾ പഠിപ്പുള്ളവരും പണക്കാരും ആയി മാറുന്നതോടൊപ്പം ദുഷ്ടന്മാരും ആയി മാറുന്നു.

യോഹന്നാൻ സ്നാപകനെക്കുറിച്ചുള്ള പ്രവചനം ഇപ്രകാരമായിരുന്നു: “അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും” (ലൂക്കൊസ് 1:15). വർഷങ്ങൾക്കുശേഷം, കർത്താവ് യോഹന്നാൻസ്നാപകനെക്കുറിച്ച് സാക്ഷിക്കുന്നത് കേൾക്കുക: “അതേ, പ്രവാചകനിലും മിക

ച്ചവനെത്തന്നെ.... സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല" (ലൂക്കൊസ് 7: 26–28). യോഹന്നാന്റെ തല അറുത്ത് ഒരു പാത്രത്തിൽ വച്ച് കൊണ്ടുവരുന്ന ഒരു രംഗം ദൈവം അനുവദിച്ചുവെങ്കിലും അവനെ 'വലിയവൻ' എന്ന് സാക്ഷാൽ കർത്താവ് തന്നെ സാക്ഷ്യപ്പെടുത്തിയത് എത്രയോ ഗംഭീരമായിരിക്കുന്നു!

യോഹന്നാൻസ്നാപകന്റെ മാതാപിതാക്കളായ സെഖര്യാവിനും എലീശബത്തിനും അവരുടെ വയസ്സുകാലത്ത് ജനിച്ച മകനാണവൻ. സെഖര്യാവും എലീശബത്തും അവന് എന്ത് കൊടുത്തു? നല്ല ഭക്ഷണം? നല്ല വീട്? നല്ല വസ്ത്രം? ഭാര്യ? പഠിപ്പ്? തൊഴിൽ? മത്തായി 3:4 ൽ ഇതിനുള്ള മറുപടി ഉണ്ട്. "യോഹന്നാന് ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ഉണ്ടായിരുന്നു. അവന്റെ ആഹാരമോ വെട്ടുകിളിയും കാട്ടുതേനും ആയിരുന്നു" ലൂക്കൊസ് 7:24–25 ൽ നാം ഇപ്രകാരം വായിക്കുന്നു: "നിങ്ങൾ എന്ത് കാണ്മാൻ മരുഭൂമിയിലേക്ക് പോയി? ... മാർദ്ദവവസ്ത്രം ധരിച്ച മനുഷ്യനെയോ? മോടിയുള്ള വസ്ത്രം ധരിച്ച് സുഖഭോഗികളായി നടക്കുന്നവർ രാജധാനികളിൽ അത്രേ"

യോഹന്നാന്റെ വീട് (മരുഭൂമി), വസ്ത്രം (ഒട്ടകരോമവസ്ത്രവും തോൽവാറും), ഭക്ഷണം (വെട്ടുകിളിയും കാട്ടുതേനും) എന്നിവയെക്കുറിച്ചെല്ലാം നാം മനസ്സിലാക്കുന്നു. സെഖര്യാവിന്റെയും എലീശബത്തിന്റെയും ഏകമകൻ വലിയ നിലയിൽ എത്തിയോ? അവന്റെ ഭൗതികസാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ, അവൻ ഒന്നുമായില്ല എന്നു പറയേണ്ടിവരും. പക്ഷേ അവനെക്കുറിച്ചാണ് കർത്താവ് സാക്ഷീകരിച്ചത് – "സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല"

ഇന്നത്തെ മാതാപിതാക്കൾക്ക് മക്കളുടെ കാര്യത്തിലുള്ള സ്വപ്നങ്ങളൊന്നും യോഹന്നാൻസ്നാപകന്റെ മാതാപിതാക്കൾക്ക് ഉണ്ടായിരുന്നില്ലേ? അവരുടെ മകൻ വലിയവൻ (മഹാൻ) ആയി, ദുഷ്ടനായില്ല താനും. എന്നാൽ ഇന്ന് സംഭവിക്കുന്നതോ? സമൂഹത്തിൽ വലിയവൻ ആകാനുള്ള ശ്രമത്തിൽ ദുഷ്ടന്മാരായി മാറിക്കൊണ്ടിരിക്കുന്ന തലമുറ! മക്കൾ ദൈവസന്നിധിയിൽ വലിയവർ ആകാൻ ഓരോ മാതാപിതാക്കളും പ്രാർത്ഥിക്കട്ടെ, പ്രവർത്തിക്കട്ടെ.

**ദൈവജനവും ദുഷ്ടജനവും**

യോനാ 1:2 ആണല്ലോ നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ദൈവം യോനയോട് പറഞ്ഞത്, "നീ പുറപ്പെട്ട് ... ചെന്ന് ... പ്രസംഗിക്ക" എന്നാണ്. നിനെവേയിലെ നിവാസികൾ ദൈവജനത്തിന്റെ കൂട്ടത്തിൽ പെടുന്നവരല്ല. ജാതികളാണ്. ജാതികളുടെ ദേശത്ത് ഇതിനുമുമ്പും ദൈവം പലരേയും

അയച്ചിട്ടുണ്ട്. പക്ഷേ അത് ദേശം ഒറ്റുനോക്കാനോ അവരെ നശിപ്പിക്കാനോ ആണ്. എന്നാൽ ജാതികളുടെ ദേശത്തേക്ക് മാനസാന്തരസന്ദേശവുമായി ദൈവം അയച്ച ഒരേയൊരു പ്രവാചകനാണ് യോനാ.

ദൈവത്തിന്റെ സ്വന്തജനം ദുഷ്ടന്മാരായിത്തീരുകയും പ്രവാചകന്മാരുടെ വാക്കുകൾ കേൾക്കാതിരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ, ദുഷ്ടജനമായ ജാതികളുടെ കൂട്ടത്തിലേക്ക് ദൈവം ഒരു പ്രവാചകനെ അയയ്ക്കുന്നു! അവരൊക്കെയും മാനസാന്തരപ്പെടുകയും ചെയ്തു. യോനാപ്രവാചകൻ അവരെ സംബന്ധിച്ചിടത്തോളം അന്യനാട്ടുകാരനാണ്, അപരിചിതനാണ്. അവരുടെ ദൈവത്തെ വിളിക്കുന്നവനുമല്ല. എന്നിട്ടും അവന്റെ മൂന്നു ദിവസത്തെ പ്രസംഗം കൊണ്ട് നിനെവേക്കാർ മുഴുവനും മാനസാന്തരപ്പെട്ടു.

ദൈവജനത്തിന്റെ ഇടയിൽ ഒരായുസ്സ് മുഴുവനും പ്രവാചകന്മാർ പ്രസംഗിച്ചിട്ടും ഒരാൾപ്പോലും മാനസാന്തരപ്പെടാത്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരക്കാരെ ലജ്ജിപ്പിക്കുന്നതാണ് നിനെവേക്കാരുടെ മാനസാന്തരം. ഇന്നത്തെ ലോകത്തിൽ 'പകൽമാന്യന്മാർ' ആയ ചില വിശ്വാസികൾ ദൈവവചനത്തിലൂടെ മനസ്സിലാക്കുന്ന കാര്യങ്ങൾ അനുസരിക്കാതിരിക്കുമ്പോൾ, അവരെ ലജ്ജിപ്പിക്കാൻ സമൂഹത്തിലെ 'പ്രത്യക്ഷപാപികൾ' ആയ മദ്യപന്മാരും കള്ളന്മാരും കൊലപാതകികളും മാനസാന്തരപ്പെട്ടുകഴിഞ്ഞാൽ ദൈവത്തിന് തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ച് ജീവിക്കുന്നു.

നിനെവേക്കാർ ദുഷ്ടജനം തന്നെയായിരുന്നു. "അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു" എന്ന് ദൈവം തന്നെ വ്യക്തമാക്കുന്നുണ്ടല്ലോ. നിനെവെക്കാരുടെ ദുഷ്ടത ദൈവസന്നിധിയിൽ എത്തിയതുപോലെ, ഒരിക്കൽ ഹാബേലിന്റെ രക്തത്തിന്റെ ശബ്ദം ദൈവസന്നിധിയിൽ എത്തി (ഉൽപത്തി 4:10); സൊദോം-ഗൊമോറയുടെ നിലവിളിയും ദൈവസന്നിധിയിൽ എത്തുകയുണ്ടായി (ഉല്പത്തി 18:20,21). കൊർന്നോല്യോസിന്റെ പ്രാർത്ഥനയും ധർമ്മവുമാണ് ദൈവസന്നിധിയിൽ എത്തിയത് (അപ്പൊ.പ്രവൃ.10:1-4).

നാം ചിന്തിക്കുക: നമ്മിൽനിന്ന് എന്താണ് ദൈവസന്നിധിയിൽ എത്തുന്നത്? കുറെ പരാതികളാണോ? കുറെ പിറുപിറുപ്പുകളാണോ? നാം നിമിത്തം വേദന അനുഭവിച്ചവരുടെ നിലവിളി ദൈവസന്നിധിയിൽ എത്തുന്നുണ്ടോ? അതോ നമ്മുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗമാണോ ദൈവസന്നിധിയിൽ എത്തുന്നത്? അനേകം ദൈവമക്കളുടെ ദുഷ്ടത ദൈവസന്നിധിയിൽ എത്തുന്നില്ലേ? നമ്മുടെ ആത്മികജീവിതം നാം തന്നെ വിലയിരുത്തുക. **(തുടരും)**

# 39 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *വെളിപ്പാട് 7:5-8 വരെയുള്ള വാക്യങ്ങളിൽ യിസ്രായേൽ ഗോത്രങ്ങൾ മുദ്രയേറ്റ കാര്യം പറയുന്നു. 12 ഗോത്രങ്ങളുടെ പേര് പറഞ്ഞിട്ടുണ്ടെങ്കിലും ദാൻ ഗോത്രം അതിൽ കാണുന്നില്ല. എഫ്രയീമും കാണുന്നില്ല. എന്തായിരിക്കാം കാരണം?*

**മറുപടി:**

തൃപ്തികരമായ വിധത്തിൽ മറുപടി പറയാൻ ബുദ്ധിമുട്ടുള്ള ചോദ്യമാണിത്. കൃത്യമായ തെളിവ് നിരത്തി മറുപടി പറയാൻ കഴിയാത്തതുകൊണ്ട്, ചില സാധ്യതകൾ പറയാൻ മാത്രമേ കഴിയൂ.

**12 ഗോത്രങ്ങൾ എന്നു പറഞ്ഞാൽ യാക്കോബിന്റെ 12 മക്കളാണ്.** ആ പന്ത്രണ്ട് മക്കളുടെ പേരുകൾ ഉല്പത്തി 49-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്: രൂബേൻ, ശിമയോൻ, ലേവി, യെഹൂദാ, സെബൂലൂൻ, യിസ്സാഖാർ, ദാൻ, ഗാദ്, ആശേർ, നഫ്താലി, യോസേഫ്, ബെന്യാമീൻ. "യിസ്രായേൽഗോത്രം പന്ത്രണ്ടും ഇവ ആകുന്നു" എന്ന് തുടർന്ന് വ്യക്തമാക്കിയിട്ടുമുണ്ട് (ഉല്പത്തി 49:28).

**യിസ്രായേൽ മക്കൾക്ക് അവകാശം പങ്കിടുമ്പോൾ 12 ഗോത്രങ്ങളിൽ ഒരു മാറ്റം വരുത്തിയിരുന്നു. ലേവി, യോസേഫ് എന്നീ രണ്ട് ഗോത്രങ്ങളെ മാറ്റുകയും, പകരം യോസേഫിന്റെ രണ്ട് മക്കളായ എഫ്രയീം, മനശ്ശെ എന്നിവരെ ഉൾപ്പെടുത്തുകയും ചെയ്തു.** അതുകൊണ്ട്, സംഖ്യാപുസ്തകം ഒന്നാം അദ്ധ്യായത്തിൽ കാണുന്ന പന്ത്രണ്ട് ഗോത്രങ്ങൾ ഇവയാണ്: രൂബേൻ, ശിമയോൻ, യെഹൂദാ, സെബൂലൂൻ, യിസ്സാഖാർ, ദാൻ, ഗാദ്, ആശേർ, നഫ്താലി, എഫ്രയീം, മനശ്ശെ, ബെന്യാമീൻ.

എന്തുകൊണ്ട് ലേവിയേയും യോസേഫിനെയും ഗോത്രങ്ങളുടെ ലിസ്റ്റിൽനിന്നും മാറ്റി? അവകാശം പങ്കിടുമ്പോൾ മാത്രമാണ്, ഗോത്രങ്ങളുടെ ലിസ്റ്റിൽ നിന്നും ലേവിയേയും യോസേഫിനേയും മാറ്റിയിട്ടുള്ളത്. ലേവി ഗോത്രത്തിന് പൗരോഹിത്യം ഉള്ളതുകൊണ്ട്, മറ്റൊരു അവകാശം അവർക്ക് വേണ്ട. "ലേവിഗോത്രത്തിനോ മോശെ ഒരു അവകാശവും കൊടുത്തില്ല. യിസ്രായേലിന്റെ ദൈവമായ യഹോവ അവരോട് കല്പിച്ചതുപോലെ താൻ തന്നേ അവരുടെ അവകാശം ആകുന്നു" (യോശുവ 13:33).

യോസേഫിന്റെ പേര് മാറ്റിയെങ്കിലും പകരം യോസേഫിന്റെ രണ്ടു മക്കളായ എഫ്രയീം, മനശ്ശെ എന്നീ പേരുകൾ ഉൾപ്പെടുത്തിയതുകൊണ്ട്, യോസേഫിന് രണ്ട് ഓഹരി അവകാശം ലഭിക്കാൻ ഇടയാവുകയാണ് ചെയ്തത്. "യോസേഫിന് രണ്ട് പങ്ക് ഇരിക്കേണം" (യെഹെസ്കേൽ 47:13).

പക്ഷേ മോശെ, തന്റെ നിര്യാണത്തിനു മുമ്പേ യിസ്രായേൽമക്കളെ അനുഗ്രഹിച്ചുകൊണ്ട് സംസാരിച്ചപ്പോൾ, 12 ഗോത്രങ്ങളായി പറഞ്ഞത് ലേവിയും യോസേഫും ഉൾപ്പെട്ട പന്ത്രണ്ട് ഗോത്രങ്ങളുടെ പേരുകളാണ് (ആവർത്തനം 33) എന്ന കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്.

**ചുരുക്കിപ്പറഞ്ഞാൽ, 12 ഗോത്രങ്ങളുടെ ലിസ്റ്റ് രണ്ടു തരത്തിൽ പറഞ്ഞിരിക്കുന്നു. ലേവിയും യോസേഫും ഉള്ള ലിസ്റ്റ് ആണ് ഒന്നാമത്തേത്. ലേവിയേയും യോസേഫിനേയും ഒഴിവാക്കി എഫ്രയീം, മനശ്ശെ എന്നിവരെ ഉൾപ്പെടുത്തിയതാണ് രണ്ടാമത്തെ ലിസ്റ്റ്.**

വെളിപ്പാട്പുസ്തകം ഏഴാം അദ്ധ്യായത്തിൽ ഇതിൽ ഏത് ലിസ്റ്റ് ആണ് കൊടുത്തിരിക്കുന്നത്? ആ ലിസ്റ്റിൽ ലേവിയും യോസേഫും ഉണ്ട്. അതുകൊണ്ട് ആദ്യത്തെ ലിസ്റ്റാണ് (യാക്കോബിന്റെ 12 മക്കളുടെ പേരുകൾ) ഉദ്ദേശിച്ചതെന്ന് വ്യക്തം. പക്ഷേ ആ ലിസ്റ്റിൽ ദാൻഗോത്രത്തിന്റെ പേരില്ല. പകരം മനശ്ശെ ഗോത്രത്തിന്റെ പേരുണ്ട്. യോസേഫ്ഗോത്രം എന്നു പറഞ്ഞിരിക്കയാൽ, പിന്നെ മനശ്ശെഗോത്രം എന്നു പറയേണ്ട കാര്യമില്ല. കാരണം യോസേഫ് ഗോത്രമാണല്ലോ എഫ്രയീം, മനശ്ശെ എന്നിങ്ങനെ രണ്ട് ഗോത്രങ്ങളായത്. **'മനശ്ശെ' എന്നുള്ളതിന് പകരം 'ദാൻ' എന്നു എഴുതിയിരുന്നുവെങ്കിൽ വായനക്കാരുടെ എല്ലാവിധ ആശയക്കുഴപ്പവും ഇല്ലാതാകുമായിരുന്നു.**

യോഹന്നാൻ എഴുതിയ വെളിപ്പാട് പുസ്തകത്തിന്റെ ഒറിജിനൽ കയ്യെഴുത്ത്പ്രതി നമ്മുടെ പക്കലില്ല. മറ്റു ചിലർ പകർത്തിയെഴുതിയ കയ്യെഴുത്ത്പ്രതികളാണ് നമ്മുടെ പക്കലുള്ളത്. **അങ്ങനെ പകർത്തിയെഴുതിയവരിൽ ആരെങ്കിലും കാണിച്ച അശ്രദ്ധമൂലം വന്ന ഒരു കയ്യബദ്ധം നിമിത്തമായിരിക്കാം 'ദാൻ' എന്നതിന് പകരം 'മനശ്ശെ' എന്നു വന്നത്.** ഈ സാധ്യത തള്ളിക്കളയാനാവില്ല. എന്നു മാത്രമല്ല, ഈ വിശദീകരണമാണ് കൂടുതൽ സ്വീകാര്യമായിട്ടുള്ളത്.

**മറ്റൊരു വിശദീകരണം:**

ദാൻഗോത്രവും എഫ്രയീം ഗോത്രവുമാണ് യിസ്രായേൽമക്കളിൽ വിഗ്രഹാരാധന തുടങ്ങിയത് എന്നും അതുകൊണ്ടാണ് ഈ രണ്ട് ഗോത്രങ്ങളുടെയും പേര് വെളിപ്പാടുപുസ്തകത്തിലെ ലിസ്റ്റിൽനിന്ന് നീക്കിക്കളഞ്ഞത് എന്നുമാണ് മറ്റൊരു വിശദീകരണം. ന്യായാധിപന്മാർ 18:27-31 ൽ ദാൻഗോത്രം

വിഗ്രഹാരാധനയിൽ മുങ്ങിപ്പോകുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഹോശേയ 4:17 ൽ "എഫ്രയീം വിഗ്രഹങ്ങളുടെ കൂട്ടാളിയാകുന്നു. അവനെ വിട്ടുകളക" എന്ന് കാണാം. 1 രാജാക്കന്മാർ 12: 28,29 ൽ, യൊരോബെയാം പൊന്നു കൊണ്ട് രണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി ഒന്നിനെ ബെഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു എന്നു വായിക്കുന്നു. ബെഥേൽ സ്ഥിതി ചെയ്യുന്നത് എഫ്രയീമിലാണ്. ഇപ്രകാരം ദാനും എഫ്രയീമും വിഗ്രഹാരാധനയിൽ ഉൾപ്പെട്ടതുകൊണ്ടാണ് അവരുടെ രണ്ടാളുകളുടെയും പേരുകൾ വെളിപ്പാടിലെ ലിസ്റ്റിൽനിന്ന് നീക്കം ചെയ്തത് എന്നാണ് വാദം.

**ഈ വാദത്തിന്റെ ബലഹീനത:** "യിസ്രായേൽമക്കളുടെ സകല ഗോത്രം" എന്ന് വെളി. 7:4 ൽ പറഞ്ഞിരിക്കയാൽ, ദാൻഗോത്രത്തെ വിട്ടുകളയാൻ പാടില്ല. ദാനും എഫ്രയീമും മാത്രമല്ല ബാക്കിയുള്ള ഗോത്രങ്ങളും പലനില കളിൽ തെറ്റിപ്പോയിട്ടുള്ളവരാണ്. അതുകൊണ്ടാണല്ലോ അവരെല്ലാവരും പ്രവാസത്തിലേക്ക് പോകേണ്ടിവന്നത്. അതുകൊണ്ട് തെറ്റുകളുടെ പേര് പറഞ്ഞ് രണ്ട് ഗോത്രങ്ങളെ നീക്കുവാനുള്ള സാധ്യതയില്ല.

**മൂന്നാമത്തെ വിശദീകരണം:**

"ദാൻ വഴിയിൽ ഒരു പാമ്പും പാതയിൽ ഒരു സർപ്പവും ആകുന്നു" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (ഉല്പത്തി 49:17). ദാനിനെ പിശാചിന്റെ പ്രതീകമായ പാമ്പിനോട് ഉപമിച്ചിരിക്കയാൽ എതിർക്രിസ്തു ആ ഗോത്രത്തിൽ നിന്നാണ് വരുന്നതെന്നും അതുകൊണ്ടാണ് ദാൻഗോത്രം വെളിപ്പാടിലെ ലിസ്റ്റിൽനിന്ന് ഒഴിവാക്കിയത് എന്നുമാണ് വാദം. എന്നാൽ എഫ്രയീമിനെ ഒഴിവാക്കിയിട്ടില്ലത്രേ. എഫ്രയീമിന് പകരമാണ് യോസേഫ് എന്നു പറഞ്ഞിരിക്കുന്നത്. യോസേഫിന്റെ മക്കളാണ് എഫ്രയീമും മനശ്ശെയും എന്നുള്ളതുകൊണ്ട്, മനശ്ശെ എന്ന് പറഞ്ഞ് പിന്നീട് എഫ്രയീം എന്നു പറയാതെ യോസേഫ് എന്നു പറഞ്ഞുവെന്നു മാത്രമേയുള്ളൂ.

**ഈ വാദത്തിന്റെ ബലഹീനത:** എതിർക്രിസ്തു ദാൻഗോത്രത്തിൽ നിന്നു വരുമെന്ന വാദം അത്ര ഉചിതമല്ല. "ദാൻ സ്വജനത്തിന് ന്യായപാലനം ചെയ്യും" എന്ന് പറഞ്ഞതിനുശേഷമാണ് "ദാൻ വഴിയിൽ ഒരു പാമ്പും പാതയിൽ ഒരു സർപ്പവും ആകുന്നു" എന്നു പറഞ്ഞിരിക്കുന്നത്. ഇത് നല്ല അർത്ഥത്തിൽ പറഞ്ഞ വാചകമാണ്. യിസ്രായേലിന്റെ ശത്രുക്കൾക്കാണ് ദാൻ പാമ്പും സർപ്പവുമാകുന്നത് എന്ന് അവിടെ വ്യക്തമാണ്.

**ചുരുക്കത്തിൽ:** യാക്കോബിന്റെ 12 മക്കളുടെ പേരുകൾ നോക്കുക (ഉല്പത്തി 49). അതാണ് പന്ത്രണ്ട് ഗോത്രങ്ങൾ. ആ 12 പേരുകളാണ് വെളിപ്പാട് പുസ്തകത്തിൽ വരേണ്ടത്. അതിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ അത് ആർക്കോ സംഭവിച്ച ഒരു കയ്യബദ്ധമാകാനാണ് സാധ്യത. ■

# കൊച്ചുണ്ണിയുടെ ബൈബിൾവായന

എംവിഐഎസ്

27

## വെളിപ്പാടിന് രണ്ട് പായുണ്ടോ?

ഇത്തവണ കൊച്ചുണ്ണി അവിടേക്ക് വരുമ്പോൾ മൂപ്പൻ മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ. ഇട്ടിയപ്പച്ചനെ കാണാത്തതിനാൽ കൊച്ചുണ്ണി സഹോദരൻ ആശ്വസിച്ചു.

ഇട്ടിയപ്പച്ചൻ ഉണ്ടെങ്കിൽ അങ്ങേര് കളിയാക്കാനായി തുടങ്ങും. ശല്യം. മൂപ്പൻ മാത്രമായതുകൊണ്ട് കാര്യങ്ങൾ ക്ലിയറായി പറയാൻ പറ്റും.

“മൂപ്പാ, നമ്മുടെ ബൈബിളിലെ അവസാനത്തെ പുസ്തകം വെളിപ്പാട് പുസ്തകം ആണല്ലോ. രണ്ട് ‘പാ’ ഉള്ള ‘വെളിപ്പാട്’ ആണോ ഒരു ‘പാ’ ഉള്ള ‘വെളിപാട്’ ആണോ കറക്റ്റ്?”

കൊച്ചുണ്ണിബ്രദറിന്റെ ഈ ചോദ്യത്തിന് പെട്ടെന്നൊരു ഉത്തരം പറയാൻ മൂപ്പനായില്ല. കൊച്ചുണ്ണിബ്രദറിന് പൊതുവെ ക്ഷമ കുറവാണ്.

“മൂപ്പാ പറയൂ, രണ്ട് ‘പാ’ വേണോ? അതോ ഒരു ‘പാ’ മതിയോ?”

“എന്താ കൊച്ചുണ്ണ്യേ, നീ പായക്കച്ചവടം തുടങ്ങിയോ?”

ആ ശബ്ദം കേട്ട് കൊച്ചുണ്ണിബ്രദർ ഒന്നു ഞെട്ടി. ഇതാ, ഇട്ടിയപ്പച്ചൻ വന്നിരിക്കുന്നു!

“ഹല്ല, ഒരു പായ് വേണോ, രണ്ട് പായ് വേണോ എന്നൊക്കെ ചോദിക്കുന്നത് കേട്ടല്ലോ. പായക്കച്ചവടം എന്നു മുതലാ തുടങ്ങിയത്?”

ഇതും പറഞ്ഞ് ഇട്ടിയപ്പച്ചൻ കുലുങ്ങിച്ചിരിച്ചു. കൊച്ചുണ്ണിബ്രദറിന് അത് തീരെ ഇഷ്ടപ്പെട്ടില്ല.

“ഞാൻ സീരിയസായാണ് സംസാരിക്കുന്നത്.” കൊച്ചുണ്ണിബ്രദർ ഇട്ടിയപ്പച്ചനെ രൂക്ഷമായി നോക്കിക്കൊണ്ട് തുടർന്നു:

“നമ്മുടെ ബൈബിളിൽ വെളിപ്പാടിന് രണ്ട് ‘പ’ ഉണ്ട്. കത്തോലിക്കരുടെ ബൈബിളായ പിഓസിയിലും ഓശാനയിലും ഒരു ‘പ’ മാത്രമേയുള്ളൂ. വെളിപാട്, വെളിപ്പാട്.. ഏതാണ് ശരി? ഇതാണെന്റെ ചോദ്യം”

ഉടനെ ഇട്ടിയപ്പച്ചൻ മറുപടി പറഞ്ഞു: “അതിലെന്താ ഇത്ര ആലോചിക്കാൻ? നമ്മുടെ ബൈബിൾ തന്നെയാണ് ശരി. ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ തയ്യാറാക്കിയ നമ്മുടെ ബൈബിളിൽ വെളിപ്പാട് എന്ന് രണ്ട് ‘പ’ വച്ചാണ് എഴുതിയിരിക്കുന്നത്. അതുകൊണ്ട് അതാണ് ശരി”

കൊച്ചുണ്ണിബ്രദർ പക്ഷേ ഒരുങ്ങിത്തന്നെയാണ് വന്നിരിക്കുന്നത്. തന്റെ കയ്യിലുള്ള, ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ പ്രസിദ്ധീക

രിച്ച സത്യവേദപുസ്തകം (ആധുനിക വിവർത്തനം) എന്ന ബൈബിൾ കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

“ഈ ബൈബിൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയാണ്. ഇതിൽ വെളിപാട് എന്ന് ഒരു ‘പ’ വച്ചാണ് എഴുതിയിരിക്കുന്നത്”

“കാണിച്ചേ, നോക്കട്ടെ” എന്നു പറഞ്ഞ് ഇട്ടിയപ്പച്ചൻ ഏന്തിവലിഞ്ഞുനോക്കി. എന്നിട്ട് തല ചൊറിഞ്ഞുകൊണ്ട് മൂപ്പനോട് പറഞ്ഞു: “ശരിയാണല്ലോ മൂപ്പാ”

ആരും ഒന്നും പറഞ്ഞില്ല. ആകെക്കൂടി ഒരു നിശബ്ദതയുടെ നിഴലാട്ടം.

മൂപ്പൻ കണ്ഠശുദ്ധി വരുത്തിക്കൊണ്ട് പറയാൻ തുടങ്ങിയത് അപ്പോഴാണ്:

“കാലാകാലങ്ങളിൽ മലയാളഭാഷയിൽ പലതരത്തിലുള്ള പരിഷ്കാരങ്ങൾ ലിപിയിൽ വരുത്തിയിട്ടുണ്ട്. അതുപോലെയുള്ള ഒരു പ്രശ്നമാകാം ഇത്”

“ഞാൻ *ശബ്ദതാരാവലി* നോക്കിയപ്പോൾ രണ്ട് തരത്തിലുമുള്ള പദങ്ങൾ അതിൽ ഉപയോഗിച്ചിട്ടുണ്ട്. എങ്കിലും മുൻഗണന കൊടുത്തിരിക്കുന്നത് ‘വെളിപാട്’ എന്ന് ഒരു ‘പ’ മാത്രം ഉള്ളതാണ്”

“നമ്മളിപ്പോ എന്തു ചെയ്യും മൂപ്പാ? ഒരു ‘പ’ ഉള്ളത് പറയണോ, അതോ രണ്ട് ‘പ’ ഉള്ളത് പറയണോ?” ഇട്ടിയപ്പച്ചനാണ് ചോദിച്ചത്. ഇട്ടിയപ്പച്ചന് കൃത്യമായ ഉത്തരം കിട്ടണം.

മൂപ്പൻ മറുപടി പറഞ്ഞു: “നമ്മുടെ കയ്യിലെ പുസ്തകത്തിൽ എന്താണോ എഴുതിയിരിക്കുന്നത് അത് നാം പറയുക. ‘വെളിപ്പാട്’ എന്നു പറയുന്നവർ ‘വെളിപാട്’ എന്നു പറയുന്നവരെ കുറ്റം പറയേണ്ട കാര്യമില്ല. തിരിച്ചും അങ്ങനെത്തന്നെ”

‘വെളിപ്പെടുക’ എന്ന പദത്തിൽ രണ്ട് ‘പ’ ഉള്ളതുകൊണ്ടാകാം വെളിപ്പാടിന് രണ്ട് ‘പ’ വന്നത്. പക്ഷേ ഒരു കാര്യം നാം പ്രത്യേകം ശ്രദ്ധിക്കണം, ‘വെളിപാട്’ എന്ന് പ്രയോഗത്തിനാണ് കൂടുതൽ സ്വീകാര്യതയുള്ളതായി കാണുന്നത്”

ഇതുകേട്ടതോടെ ഇട്ടിയപ്പച്ചൻ ചെറുതായൊന്നു ചൂടായി: “അപ്പൊ കത്തോലിക്കരുടെ ബൈബിളാണോ ശരി?”

മൂപ്പൻ: “കത്തോലിക്കരുടെ ബൈബിളിലെ വെളിപാട്പുസ്തകം എന്ന പ്രയോഗം കൂടുതൽ സ്വീകാര്യതയുള്ളതാണെന്നാണ് ഞാൻ പറഞ്ഞത്”

കൊച്ചുണ്ണിബ്രദറിന് മൂപ്പൻ പറഞ്ഞത് ബോധിച്ചു. സാധാരണയായി മൂപ്പന്റെ മറുപടി ബോധിക്കാതെ പിണങ്ങിപ്പോവുകയാണ് ചെയ്യാറുള്ളത്.

പക്ഷേ ഇട്ടിയപ്പച്ചൻ അസ്വസ്ഥനായിരുന്നു. കത്തോലിക്കരുടെ ബൈബിളിലെ പ്രയോഗമാണ് കൂടുതൽ ശരിയായിട്ടുള്ളത് എന്ന് മൂപ്പൻ പറഞ്ഞത് അദ്ദേഹത്തിന് നല്ല രീതിയിൽ ദഹിച്ചിട്ടില്ല. ഇരുമ്പുലക്ക വിഴുങ്ങിയവനെപ്പോലെ അദ്ദേഹം കാണപ്പെട്ടു. ❍

## www.reallifevoice.in

**എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th November 2024

Posted at
Thrissur RMS

**ആനുകാലികം**

## ഹെന്റെ ആധാരേ!

ആധാർ രേഖ വലിയ സംഭവമാണെന്നാണ് കൊട്ടിഘോഷിക്കപ്പെട്ടത്. ബാങ്ക് അക്കൗണ്ട്, ഗ്യാസ് കണക്ഷൻ തുടങ്ങിയ സകലതുമായും ആധാർ ലിങ്ക് ചെയ്യണമത്രേ. ആധാർ കിട്ടാനായി മണിക്കൂറുകൾ ക്യൂ നിന്നു. അതിനുശേഷം ഓരോന്നുമായി ലിങ്ക് ചെയ്യാൻ വീണ്ടും ക്യൂ. ആധാർ കയ്യിൽ കിട്ടിയപ്പോൾ എല്ലാവർക്കും പരമാനന്ദം. ആധികാരികരേഖയാണ് കയ്യിലിരിക്കുന്നത്. എന്തിനും ഏതിനും പ്രൂഫ് ആയി ആധാർ ഉപയോഗിക്കാം.

അപ്പോഴാണ് സുപ്രീംകോടതി ഒരു വിധി പുറപ്പെടുവിച്ചത്. ആധാർ പ്രായം തെളിയിക്കാനുള്ള രേഖയല്ലെന്ന്! ദേ കിടക്കുന്നു. അപ്പോൾ ആധാറിൽ ജനനതീയതി ഉണ്ടായിട്ട് കാര്യമില്ല. അത് പ്രായം തെളിയിക്കാനുള്ള തെളിവല്ല. ഓ, മൈ ആധാർ!

പത്രവാർത്ത നോക്കാം:

> പ്രായം തെളിയിക്കാനുള്ള രേഖയായി ആധാർകാർഡ് ഉപയോഗിക്കാനാവില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. റോഡപകടത്തിൽ മരിച്ച വ്യക്തിയുടെ പ്രായം നിർണയിക്കാൻ ആധാർ തെളിവായി സ്വീകരിച്ച പഞ്ചാബ് ഹരിയാന ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കിയാണ് വിധി (2024 ഒക്ടോബർ 25 ലെ പത്രവാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V